DESPATCHED
On...11/06/2020

18/05/2020.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1685*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6724**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.അണങ്കൂർ ഭാസ്ക്കർ,
സരസ്വതി സദന,
കളിയങ്ങാട്, ആർ.ഡി.നഗർ പി.ഒ.,
കഡ്‌ലു വഴി, പിൻ – 671 124. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട് (ജി) സെക്ഷൻ,
താലൂക്ക് ഓഫീസ്, ഹോസ്ദുർഗ്ഗ്.

2. അപ്പീൽ അധികാരി&
തഹസിൽദാർ,
താലൂക്ക് ഓഫീസ്,കാസറഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.03.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.04.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.05.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06.06.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.06.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 28.06.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.അണങ്കൂർ ഭാസ്ക്കർ, 23.06.2018ന്

സമർപ്പിച്ച അപ്പീൽ ഹർജി 28.06.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1685(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റായ വിവരമാണ് നൽകിയതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരി ഉത്തരവായിട്ടും ടിയാന് വിവരങ്ങൾ ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 15.03.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 06.04.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 07.05.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 06.06.2018ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പോക്കുവരവ് ഫയൽ ഓഫീസിൽ ലഭ്യമല്ലെന്നും തുടർന്ന് ടിയാൻ അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും തെരഞ്ഞെങ്കിലും കണ്ടെത്താൻ സാധിച്ചില്ലെന്നും ടി വിവരങ്ങൾ രേഖപ്പെടുത്തിയ മറുപടി ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ്. രേഖകൾ ലഭ്യമല്ല എന്നതിന്റെ അടിസ്ഥാനത്തിൽ വിവരം നിഷേധിക്കുന്ന നടപടി സ്വീകാര്യമല്ല. അപ്പീൽ അധികാരിയുടെ നേതൃത്വത്തിൽ പ്രസ്തുത ഫയൽ കണ്ടെത്തുവാൻ ഒരു ടീമിനെ രൂപീകരിച്ച് പരിശോധന നടത്തി ഫയൽ കണ്ടെത്തണമെന്നും രേഖകൾ ലഭിച്ചില്ലെങ്കിൽ അതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ഒരു മാസത്തിനകം വിശദമായ റിപ്പോർട്ട് അപ്പീൽ അധികാരി സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 18–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/